**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **06-03-2023 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ; | (എ) | പയ്യന്നൂർ മണ്ഡലത്തിൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.<br><br>**സൗരപദ്ധതി** :-<br><br>സൗര ഒന്നാം ഘട്ട പദ്ധതിയിൽ നിലവിൽ 47 സൗരനിലയങ്ങൾ (367 KW) സ്ഥാപിച്ചു. 3 നിലയങ്ങളുടെ (87 KW) പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>സൗര രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ ആകെ 222 അപേക്ഷകൾ ലഭിച്ചു. (817 KW). ഇതിൽ 171 നിലയങ്ങൾ (615 KW) കമ്മീഷൻ ചെയ്തു. ശേഷിക്കുന്ന പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>**EV ചാർജിംഗ്**<br><br>പയ്യന്നൂർ നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന സ്ഥലങ്ങളിൽ 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.<br><br>1.പെരുമ്പ<br><br>2.പഴയ ബസ് സ്റ്റാൻഡ്<br><br>3.പുതിയ ബസ് സ്റ്റാൻഡ്<br><br>4.മാത്തിൽ<br><br>5.ഓണക്കുന്ന് (old NH)<br><br>6.ചെറുപുഴ<br><br>ആർ.ഡി.എസ്.എസ്., പദ്ധതി പ്രകാരം 49 km എച്ച്.ടി.ലൈനുകളും, 5.7 km, എൽ.ടി.ലൈനുകളും ദ്യുതി പദ്ധതി പ്രകാരം 5 km എച്ച്.ടി. എ.ബി.സി. ലൈനുകളും, 30 km എൽ.ടി. എ.ബി.സി. |

| | | | |
|---|---|---|---|
| | | | ലൈനുകളും വലിക്കുന്ന പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>നിലവിലുള്ള 25 മെഗാവാട്ട് ശേഷിയുള്ള ഓൺഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ കേന്ദ്ര നവ-നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ സബ്സിഡിയോടെ KSEBL മുഖേന സ്ഥാപിക്കുന്ന പദ്ധതി അനെർട്ട് സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുരപ്പുറ സൗരോർജ്ജ പദ്ധതി നടപ്പിലാക്കാൻ എത്ര അപേക്ഷകളാണ് ലഭിച്ചതെന്ന് അറിയിക്കാമോ; പ്രസ്തുത അപേക്ഷയിൽ എത്രയെണ്ണം പൂർത്തീകരിച്ചെന്നും പദ്ധതിയുടെ ഭാഗമായി എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കാമോ? | (ബി) | സൗര ഒന്നാം ഘട്ട പദ്ധതിയിൽ നിലവിൽ 47 സൗരനിലയങ്ങൾ (367 KW) സ്ഥാപിച്ചു. 3 നിലയങ്ങളുടെ (87 KW) നിർമ്മാണ പ്രവൃത്തികൾ പുരോഗതിയിലാണ്.<br><br>സൗര രണ്ടാം ഘട്ട സബ്സിഡി പദ്ധതിയിൽ ആകെ 222 അപേക്ഷകൾ ലഭിച്ചു. (817 KW). ഇതിൽ 171 നിലയങ്ങള് (615 KW) കമ്മീഷന് ചെയ്തു. ശേഷിക്കുന്നവയുടെ പ്രവർത്തികൾ പുരോഗതിയിലാണ്.<br><br>പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഗാർഹിക പുരപ്പുറ സൗരോർജ്ജ പദ്ധതിയിൽ അനെർട്ടിന് 62 അപേക്ഷകൾ (227 kW ) ലഭിച്ചു. ഇവയിൽ 22 അപേക്ഷകളിലായി 63 കിലോവാട്ട് ശേഷിയുള്ള പവർ പ്ലാന്റുകൾ സ്ഥാപിച്ചു. നിർമ്മാണ പ്രവർത്തനങ്ങൾ തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ